(ഡി) പ്രസ്തുത മെഡിക്കൽ ഷോപ്പ് അനുമതിക്ക് പിന്നിൽ അഴിമതിയുണ്ടെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സ്വകാര്യ വ്യക്തിക്ക് മെഡിക്കൽ സ്റ്റോർ അനുവദിച്ച നടപടി റദ്ദാക്കുകയും വില കുറച്ച് മരുന്നു നൽകുന്ന നീതി മെഡിക്കൽ സ്റ്റോറോ പേയിംഗ് കൗണ്ടറോ ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസിലെ ഐ.എം.സി.എച്ച്.-ൽ ശ്രീ. കെ. ടി. ശിവാനന്ദൻ എന്ന വ്യക്തിക്ക് മെഡിക്കൽ സ്റ്റോർ തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) അല്ല.

(ഡി) ഇല്ല.

(ഇ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പേയിംഗ് കൗണ്ടർ നിലവിലുണ്ട്.

വണ്ടാനം മെഡിക്കൽ കോളേജിലെ ആശുപത്രി സമുച്ചയങ്ങളുടെ പണി

101 (2228) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ വണ്ടാനം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള ആശുപത്രി സമുച്ചയങ്ങളുടെ പണി ഏത് ഘട്ടത്തിൽ എത്തിയെന്ന് വ്യക്തമാക്കാമോ ;

(ബി) ആശുപത്രി പണി പൂർത്തിയാക്കുന്നതിനായി ലോകബാങ്ക് സഹായം തേടുമെന്നുള്ള പ്രഖ്യാപനം അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഇപ്പോൾ പണി പൂർത്തിയായിട്ടുള്ള എ, ബി ബ്ലോക്കുകളിൽ കുട്ടികളുടെ വിഭാഗം എന്നുമുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴയിലെ വണ്ടാനം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രി സമുച്ചയത്തിന്റെ പണി വിവിധ ഘട്ടങ്ങളിലാണ്. എ, ബി എന്നീ ബ്ലോക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. ബി, ഡി ബ്ലോക്കുകളുടെ നിർമ്മാണ പ്രവർത്തനം ഏകദേശം പൂർത്തിയായി. ഇ, എഫ് ബ്ലോക്കുകളുടെ പൈലിംഗ് വർക്ക് നടന്നുകൊണ്ടിരിക്കുന്നു. ഐ1, ഐ2 ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലോകബാങ്ക് സഹായം തേടുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരികയാണ്. ഇതു തയ്യാറാക്കിക്കഴിഞ്ഞാൽ കേന്ദ്ര സർക്കാർ മുഖാന്തിരം ലോക ബാങ്കിന് സമർപ്പിക്കുകയും തുടർ നടപടികളെടുക്കുകയും ചെയ്യുന്നതാണ്.

(സി) ഈ വർഷം തന്നെ പ്രവർത്തിച്ചു തുടങ്ങുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടക്കുന്നു.

എം. ബി. ബി. എസ്. വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക

102 (2229) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു എം. ബി. ബി. എസ്. വിദ്യാർത്ഥിക്കുവേണ്ടി പ്രതിവർഷം സർക്കാർ എന്തു തുക ചെലവഴിക്കുന്നു ;

(ബി) ഈ തുക നിർണ്ണയിച്ചത് എന്തെല്ലാം ഘടകങ്ങൾ കണക്കിലെടുത്താണ് ;

(സി) ഈ ഓരോ ഘടകത്തിന്റേയും പേരിൽ വരുന്ന ചെലവെത്ര ;

(ഡി) ഇപ്പോൾ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ചുമത്തിയിട്ടുള്ള ഫീസ് എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1,60,000 രൂപ ചെലവഴിക്കുന്നു എന്നാണ് ഏകദേശം കണക്കാക്കിയിരിക്കുന്നത്.

(ബി) അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കുമുള്ള ശമ്പളം, അവശ്യം വേണ്ട ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും, വിദ്യാർത്ഥികൾക്ക് വേണ്ടി വരുന്ന ബുക്കുകളും ജേർണലുകളും, അവശ്യം വേണ്ട ഫർണിച്ചർ, ആശുപത്രി സാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള ചെലവ്, മറ്റു പലവക ചെലവുകൾ എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഒരു വിദ്യാർത്ഥിക്ക് വേണ്ടി പ്രതിവർഷം സർക്കാർ ചെലവഴിക്കുന്ന തുക നിർണ്ണയിച്ചത്.

(സി) ഓരോ വർഷവും 100 വിദ്യാർത്ഥികളെ വീതം ഒരു കോളേജ് 5 വർഷത്തിലായി 500 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുമ്പോഴുള്ള വിവിധയിനത്തിലുള്ള ചെലവിന്റെ ഏകദേശം കണക്കുകൾ താഴെക്കൊടുക്കുന്നു. അതിന്മേൽ കൃത്യമായ തുക തിട്ടപ്പെടുത്താൻ നിർവാഹമില്ല.

ശമ്പളം	-	5,20,00,000 രൂപ
ലബോറട്ടറി സൗകര്യങ്ങൾ	-	1,07,00,000 രൂപ
ലൈബ്രറി സൗകര്യങ്ങൾ	-	20,00,000 രൂപ
ഫർണിച്ചർ	-	50,00,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly